ഖുത്ബ
16.11.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# യതീമുകളേയും വിധവകളേയും സംരക്ഷിക്കുക

وَيَسْئَلُوْنَكَ عَنِ
الْيَتٰمٰى ؕ قُلْ اِصْلَاحٌ لَّهُمْ خَيْرٌ ؕ وَاِنْ
تُخَالِطُوْهُمْ فَاِخْوَانُكُمْ ؕ وَاللّٰهُ يَعْلَمُ
الْمُفْسِدَ مِنَ الْمُصْلِحِ ؕ وَلَوْ شَآءَ اللّٰهُ
لَاَعْنَتَكُمْ ؕ اِنَّ اللّٰهَ عَزِيْزٌ حَكِيْمٌ ﴿۲۲۱﴾
وَالَّذِيْنَ يُتَوَفَّوْنَ مِنْكُمْ وَيَذَرُوْنَ
اَزْوَاجًا ۖۚ وَّصِيَّةً لِّاَزْوَاجِهِمْ مَّتَاعًا اِلَى
الْحَوْلِ غَيْرَ اِخْرَاجٍ ۚ فَاِنْ خَرَجْنَ فَلَا
جُنَاحَ عَلَيْكُمْ فِىْ مَا فَعَلْنَ فِىْٓ اَنْفُسِهِنَّ
مِنْ مَّعْرُوْفٍ ؕ وَاللّٰهُ عَزِيْزٌ حَكِيْمٌ ﴿۲۴۱﴾

وَالْمُطَلَّقٰتُ يَتَرَبَّصْنَ بِاَنْفُسِهِنَّ ثَلٰثَةَ
قُرُوْٓءٍ ؕ وَلَا يَحِلُّ لَهُنَّ اَنْ يَّكْتُمْنَ مَا
خَلَقَ اللّٰهُ فِىْٓ اَرْحَامِهِنَّ اِنْ كُنَّ يُؤْمِنَّ
بِاللّٰهِ وَالْيَوْمِ الْاٰخِرِ ؕ وَبُعُوْلَتُهُنَّ اَحَقُّ
بِرَدِّهِنَّ فِىْ ذٰلِكَ اِنْ اَرَادُوْٓا اِصْلَاحًا ؕ
وَلَهُنَّ مِثْلُ الَّذِىْ عَلَيْهِنَّ بِالْمَعْرُوْفِ ۪
وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ ؕ وَاللّٰهُ عَزِيْزٌ
حَكِيْمٌ ﴿۲۲۹﴾

സത്യവിശ്വാസികളോട് സമൂഹത്തിലെ ബലഹീനരായ വിഭാഗങ്ങളോടുള്ള കടമ നിറവേറ്റുന്നതിനെക്കുറിച്ചാണ് ഞാനോതിയ ആയത്തുകളിൽ അല്ലാഹു പറഞ്ഞിരിക്കുന്നത്. ആ ദുർബലവിഭാഗത്തിന്, തങ്ങളുടെ കാര്യങ്ങൾ ചോദിക്കാനാരുമില്ല, തങ്ങൾക്ക് സമൂഹത്തിൽ ഒരു വിലയുമില്ല, പ്രബലരും ശക്തരുമായ ആളുകൾ, അവർക്കു തോന്നുംവിധം തങ്ങളോടു പെരുമാറിക്കൊണ്ടിരിക്കുന്നു തുടങ്ങിയ തോന്നലുകൾ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണിത്. ഓരോ വചനത്തിന്റെയും അന്ത്യത്തിൽ അസീസ്, ഹക്കീം എന്നീ പദങ്ങൾ പ്രയോഗിച്ചുകൊണ്ട്, ശക്തരായവർ നിങ്ങളോട് അതിക്രമം കാണിക്കുകയും, നിങ്ങളോടുള്ള കടമ നിറവേറ്റാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അവരുടെ മുകലിൽ പ്രതാപശാലിയും യുക്തിജ്ഞനുമായ അല്ലാഹുവുണ്ടെന്നും, അവൻ അവരെ പിടിക്കുമെന്നും പറഞ്ഞുകൊണ്ട് ആ ദുർബലവിഭാഗത്തെ സമാശ്വസിപ്പിച്ചിരിക്കുന്നു. തന്റെ യുക്തിനിർഭരമായ കല്പനകളനുസരിച്ച് ശരിയായ നിലയിൽ അവർ പ്രവർത്തിക്കുന്നില്ലെങ്കിൽ, എല്ലാ ശക്തിയുടെ ഉത്ഭവസ്ഥാനമായ താൻ അവരെ പിടിക്കുമെന്ന് അല്ലാഹു പറയുന്നു.

ഇപ്രകാരംതന്നെ വിശുദ്ധഖുർആൻ ദൈവികഗ്രന്ഥമാണെന്ന് വിശ്വസിക്കുന്നവരോടും, ഈ കടമകൾ നിറവേറ്റാതെ നിങ്ങൾ അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ കുഴപ്പമൊന്നുമില്ല എന്ന് ധരിക്കരുതെന്നും പറഞ്ഞിരിക്കുന്നു. ഒരു മുസൽമാന്, ഒരു മുഅ്മിന് അല്ലാഹു പറഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടത് അങ്ങേയറ്റം നിർബന്ധമാണെന്ന കാര്യം എപ്പോഴും ഓർമ്മയുണ്ടാകണം. കാരണം ഇത് സമൂഹത്തിന്റെ സമാധാനത്തിനുള്ള ജാമ്യമാണ്. ഇതനുസരിച്ച് പ്രവർത്തിക്കാതെ സമൂഹത്തിലെ കഴിവുള്ളവർ സമൂഹത്തിന്റെ സമാധാനം നശിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിൽ വിശ്വസിക്കുന്നവരാണെന്ന് വാദിച്ചുകൊണ്ട്, സ്വയം മുസ്‌ലിംകളെന്ന് പറയിപ്പിച്ചുകൊണ്ട്, ദുർബലവിഭാഗത്തോടുള്ള കടമ നിറവേറ്റാതിരിക്കുകയും സമൂഹത്തിന്റെ സമാധാനം കെടുത്തുകയും ചെയ്യുന്നത് കുറ്റവാളി എന്ന നിലയിൽ പിടിക്കപ്പെടാൻ അർഹതയുള്ള കാര്യമാണ്.

ദുർബലവിഭാഗത്തെ ശ്രദ്ധിക്കാതെ വരുമ്പോൾ ആ വിഭാഗത്തിലുണ്ടാകുന്ന അസ്വസ്ഥത, അതിന്റെ പ്രതികരണം കാണിക്കുന്നതായിരിക്കും. അങ്ങനെ

യുള്ള അവസ്ഥയ്ക്ക് കാരണക്കാർ, ദുർബലവിഭാഗ ത്തോടുള്ള കടമ നിറവേറ്റാത്തവരായിരിക്കും. അവരുടെ അവസ്ഥ നല്ലതാക്കി നിറുത്തേണ്ടവർ തങ്ങളുടെ കർത്തവ്യം നിർവ്വഹിച്ചില്ല. ഈ കടമ നിറവേറ്റാത്ത കാര ണത്താൽ, അത്തരക്കാരോട് അല്ലാഹു പറയുന്നു, 'കട മകൾ നിറവേറ്റാത്തവരേ! അക്രമം കൊണ്ട് അന്യന്റെ അവകാശം പിടിച്ചെടുക്കുന്നവരേ! പ്രതാപശാലിയായ അല്ലാഹു നിങ്ങളുടെ മേലുണ്ടെന്ന കാര്യം എപ്പോഴും ഓർത്തുകൊള്ളുക.' യുക്തിനിർഭരമായ അവന്റെ കല്പ നകളനുസരിച്ച് പ്രവർത്തിക്കാതെ സമാധാനവും ശാന്തിയും സന്തോഷവും നിലനിറുത്തേണ്ട സമൂഹ ത്തിൽ അവർ അതിന് തടസ്സം സൃഷ്ടിക്കുന്നു. ഇക്കാര്യം ആ പ്രതാപശാലിയായ അല്ലാഹു ഒരുതരത്തിലും സഹി ക്കുകയില്ല.

അതുകൊണ്ട് അസീസും ഹക്കീമുമായ അല്ലാഹു നിങ്ങളിൽ കരുണ കാണിച്ചുകൊണ്ട് അസീസ് എന്ന സവിശേഷഗുണത്തിന്റെ ഫലം നിങ്ങൾക്കായി കാണി ക്കാൻ നിങ്ങൾ ശ്രമിക്കുകയും, യുക്തിപരമായ കാര്യ ങ്ങൾ സ്വീകരിക്കുകയും, കടമകൾ നിറവേറ്റാൻ ശ്രദ്ധി ക്കുകയും ചെയ്യുക.

ഞാനോതിയ വചനങ്ങളിൽ ആദ്യത്തെ വചന ത്തിന്റെ തർജമ ഇങ്ങനെയാണ്.

"അവർ നിങ്ങളോട് അനാഥകളെക്കുറിച്ചും ചോദി ക്കുന്നു. നീ പറയുക, അവരുടെ സംസ്ക്കരണം നല്ല കാര്യമാണ്. നിങ്ങൾ അവരോടൊപ്പം കൂടിക്കഴിയുക യാണെങ്കിൽ അവർ നിങ്ങളുടെ സഹോദരങ്ങൾ തന്നെ യാണ്. അല്ലാഹു ദോഷമുണ്ടാക്കുന്നവരും നന്മ കൈക്കൊള്ളുന്നവരും തമ്മിലുള്ള വ്യത്യാസം അറിയു ന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ തീർച്ച യായും വിഷമത്തിലാക്കുമായിരുന്നു. നിശ്ചയമായും അല്ലാഹു പ്രതാപശാലിയും യുക്തിജ്ഞനുമാകുന്നു" (2:221).

ഈ വചനത്തിൽ യതീം അഥവാ അനാഥരെ സംബന്ധിച്ച് പറഞ്ഞിരിക്കുകയാണ്. അനാഥരെക്കുറിച്ച് വിശുദ്ധഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ പറയുന്നു ണ്ട്. അതിൽ അവരോടുള്ള കടമ നിറവേറ്റാനും, അനു കമ്പയുടെ കരങ്ങൾ അവരുടെമേൽ വയ്ക്കാനും കല്പി ച്ചിരിക്കുന്നു. ഈ വചനത്തിൽ അല്ലാഹു പറയുന്നത് അവർ നിങ്ങളുടെ സഹോദരങ്ങളാണെന്നാണ്. സൽപ്ര കൃതക്കാരനായ ഒരു സഹോദരൻ തന്റെ സഹോദര നോട് എങ്ങനെയാണ് പെരുമാറുന്നത്. മൂത്തസഹോദ രൻ എപ്പോഴും ശ്രദ്ധിക്കുന്നത് തന്റെ സഹോദരൻ പഠി ത്തത്തിൽ ഉയരണമെന്നും, അവന്റെ ആരോഗ്യം നല്ല തായിരിക്കണമെന്നും, അവന്റെ സ്വഭാവം ഉത്തമമായി രിക്കണമെന്നും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ താൽപര്യമുള്ളവനായിരിക്കണമെന്നും അവന്റെ ഇരു ത്തവും നടത്തവും നല്ല സുഹൃത്തുക്കളിലായിരിക്കണ മെന്നും, പഠിത്തത്തിൽ ശ്രദ്ധിക്കുന്നതിനോടൊപ്പം കളി യിലും ശ്രദ്ധിക്കണമെന്നുമൊക്കെയായിരിക്കും. ഏതെ ങ്കിലും സ്നേഹിതന്റെ സഹോദരൻ രോഗിയായാൽ അവൻ അസ്വസ്ഥനായിത്തീരുന്നു. അവന്റെ ചികിത്സ യിലേക്കും ശുശ്രൂഷയിലേക്കും പൂർണ്ണമായും ശ്രദ്ധി ക്കുന്നു. അല്ലാഹു പറയുന്നു, നിങ്ങളുടെ സമൂഹത്തിലെ അനാഥർ നിങ്ങളുടെ സഹോദരങ്ങളാണ്. അവരോട് നല്ല രീതിയിൽ പെരുമാറുക. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക. അവരുടെ സംസ്കരണത്തിലേക്ക് ശ്രദ്ധി ക്കണമെന്ന ഓർമ്മ എപ്പോഴും നിങ്ങൾക്കുണ്ടായിരിക്ക ണം. അവരെ സമൂഹത്തിന്റെ പ്രവർത്തനക്ഷമമായ ഒരു ഭാഗമാക്കിത്തീർക്കണം. അവർക്ക് മാതാപിതാക്കളും, മൂത്തസഹോദരനും സഹോദരിയും ആരും ഇല്ലാത്ത തുകൊണ്ട്, അവരെ നശിപ്പിച്ചുകളയാം എന്ന് കരുതരു ത്. ഇത് ഒരു സത്യവിശ്വാസിക്ക് ചേർന്നതല്ല. സത്യവി ശ്വാസി എന്നു പറയുന്നത്, ഈ അനാഥരെ ശ്രദ്ധിച്ചു കൊണ്ട് അവരെ സമൂഹത്തിൽ ഫലപ്രദരാക്കി ത്തീർക്കാൻ ശ്രമിക്കുന്നവരാണ്. ഇസ്‌ലാമിന്റെ അധ്യാ പനമാണ് സ്നേഹിക്കുക എന്നത്. ശാസിക്കേണ്ട സമ യത്ത് ശാസിക്കുകയും വേണം. അവരെ പരിഷ്കരി ച്ചെടുക്കുക എന്നതായിരിക്കണം എപ്പോഴും മുമ്പിലു ണ്ടാവേണ്ടത്. യത്തീമായ സഹോദരങ്ങളുടേയും കുട്ടി കളുടെയും കാര്യത്തിലും ഇത് മുന്നിൽ വയ്ക്കേണ്ട താണ്. നിങ്ങൾ നിങ്ങളുടെ മക്കളോടും ഇളയ സഹോ ദരങ്ങളോടും അനുകമ്പാപരമായ നിലയിൽ പെരുമാ റുന്നു. തെറ്റായ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്ത് അവരെ നേരായ മാർഗ്ഗത്തിലേക്ക് നയിക്കുന്നു, നന്മകൾ ഉപദേശിക്കുന്നു. ധിക്കാരിയായിത്തീരുംവിധം കൂടുതൽ കാഠിന്യം കാണിക്കുന്നില്ല. ജീവിതം മോശമായിപ്പോകും വിധം കൂടുതൽ ലാളിക്കുന്നുമില്ല. വിശുദ്ധഖുർആൻ യതീംകളെക്കുറിച്ച് പറഞ്ഞിരിക്കുന്ന ആദ്യത്തെ നിർദ്ദേശം അവർ സമൂഹത്തിന്റെ പ്രവർത്തനക്ഷമമായ വിഭാഗമായിത്തീരാൻ വേണ്ടി അവരുടെ സംസ്കരണം എപ്പോഴും മുന്നിൽ വയ്ക്കണമെന്നാണ്. സ്വന്തക്കാരുടെ തർബിയ്യത്തിൽ ശ്രദ്ധിക്കുന്നതുപോലെ നിങ്ങൾ അവ രുടെ തർബിയ്യത്ത് വിഷയത്തിലും ശ്രദ്ധിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അവർ നിങ്ങളുടെ സഹോദരങ്ങളാ ണെന്ന വിചാരം നിങ്ങൾക്ക് എപ്പോഴും ഉണ്ടായിരിക്ക ണം. അവരെ ശ്രദ്ധിക്കേണ്ടത് നിങ്ങളുടെ നിർബന്ധക ടമയാണ്.

മറ്റൊരു സ്ഥലത്ത് യതീംകളെക്കുറിച്ച് അല്ലാഹു പറയുന്നു: "അതായത് തങ്ങളുടെ പിന്നിൽ ബലഹീന രായ സന്താനങ്ങളെ വിട്ടുപോകുന്ന പക്ഷം ഉത്ക്കണ്ഠാ കുലരാകുന്നവർ, ദൈവഭയത്തോടുകൂടി പ്രവർത്തിക്കേ ണ്ടതാണ്. അവർ ചൊവ്വായവാക്ക് പറയേണ്ടതാണ്. ജീവിതത്തേയും മരണത്തേയുംകുറിച്ച് ആരും അറിയു ന്നില്ലെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് അല്ലാ ഹുവിനെ ഭയന്നുകൊണ്ട്, അല്ലാഹു നമുക്ക് പ്രതിഫലം

നല്കുന്നു എന്ന വിചാരത്തോടെ നിങ്ങൾ യതീംകളെ നോക്കുക; അല്ലാഹു നിങ്ങളുടെ മക്കളേയും എല്ലാ ത്തരം ദുഃഖങ്ങളിൽനിന്നും വേദനകളിൽനിന്നും സുര ക്ഷിതരാക്കുന്നതിനുവേണ്ടി" (4:10).

അതുകൊണ്ട് എപ്പോഴും അനാഥരുടെ ആവശ്യ ങ്ങൾ ശ്രദ്ധിക്കുക. പ്രത്യേകിച്ച് മതത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നവരെ ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്; അവരുടെ കുട്ടികളുടെ മനസ്സിൽ, തങ്ങളുടെ പിതാവ് മതത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച് തങ്ങളെ തനി ച്ചുവിട്ടുകളഞ്ഞു എന്ന വിചാരം ഉണ്ടാകാതിരിക്കുന്ന തിനാണിത്. മറിച്ച്, നിങ്ങളുടെ പ്രവർത്തനംകൊണ്ട് ഓരോ ശഹീദിന്റെ മക്കൾക്കും, തങ്ങളുടെ പിതാവ് മത ത്തിനുവേണ്ടി ജീവൻ ത്യജിച്ച് അനശ്വരമായ ജീവിതം പ്രാപിച്ചു എന്ന വിചാരം ഉണ്ടാവണം. അതുമുഖേന തങ്ങളുടെ അന്തസ്സും വർദ്ധിച്ചിരിക്കുന്നുവെന്ന് അവർക്കനുഭവപ്പെടണം. ഭൗതികാടിസ്ഥാനത്തിൽ ഒരു സഹോദരൻ തന്റെ സഹോദരനെ നോക്കുന്നതുപോലെ ജമാഅത്തും ജമാഅത്തംഗങ്ങളും തങ്ങളെ ഗൗനിച്ചിരി ക്കുന്നുവെന്നും, തങ്ങളുടെ അവകാശങ്ങളെ ശ്രദ്ധിച്ചു വെന്നും അത്തരം കുട്ടികൾക്ക് എപ്പോഴും തോന്നണം. ഒരു പിതാവ് തന്റെ കുട്ടികളെ നോക്കുന്നതുപോലെ തങ്ങളെ നോക്കിയെന്ന് അവർക്കനുഭവപ്പെടണം. തങ്ങ ളുടെ തർബിയ്യത്തിന്റെ കടമ തങ്ങളുടെ സഹോദര ന്മാരും ജമാഅത്തും നിറവേറ്റിയെന്ന് എപ്പോഴും അവർക്കു മനസ്സിലാവണം. ഏതെങ്കിലും കുട്ടിയുടെ പിതാവ്, ആ കുട്ടിക്കുവേണ്ടി സ്വത്ത് ഉപേക്ഷിച്ചിട്ടാണ് മരിച്ചതെങ്കിൽ അവന്റെ അടുത്തതും ചുറ്റുപാടുള്ളതു മായ ആളുകൾ അവന്റെ സ്വത്തിന്റെമേൽ കണ്ണുംനട്ടു കൊണ്ട് അത് പിടിച്ചുപറിക്കാൻ ശ്രമിക്കരുത്. അത് നശി പ്പിക്കാൻ ശ്രമിക്കരുത്. കള്ളത്തരത്തിലൂടെ പിതാവിന്റെ സ്വത്തിൽനിന്ന് കുട്ടിയെ അകറ്റാൻ ശ്രമിക്കരുത്. മറിച്ച്, വളരെ സൂക്ഷിച്ച് ആ സ്വത്ത് കൈകാര്യം ചെയ്യണമെ ന്നാണ് കല്പന. അല്ലാഹു പറയുന്നു:

***വലാ തഖ്റബൂ മാലൽയതീമി ഇല്ലാബില്ലത്തീ ഹിയ അഹ്സനു ഹത്താ യബ്ലുഗ അശുദ്ദഹൂ.*** അനാ ഥയ്ക്ക് കാര്യപ്രാപ്തി എത്തുന്നതുവരെ ഏറ്റവും ഉത്ത മമായ വിധത്തിലല്ലാതെ അതിന്റെ ധനത്തെ നിങ്ങൾ സമീപിക്കരുത് (6:153).

വളർത്തുന്നു എന്ന സൂത്രത്തിലൂടെ അവന്റെ സ്വത്തു മുഴുവൻ പിടിച്ചെടുക്കുന്നവരാകരുത്. നിങ്ങ ളുടെ സാമ്പത്തിക സ്ഥിതി നല്ലതാണെങ്കിൽ, നിങ്ങളുടെ കുട്ടികളെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്യുന്നതു പോലെ, അവർക്കുവേണ്ടിയും ചെലവഴിക്കുക. പരിത സ്ഥിതി മോശമാണെങ്കിൽ, യതീമിന്റെ മാതാപിതാക്കൾ സ്വത്ത് എന്തെങ്കിലും വിട്ടും വെച്ച് പോയിട്ടുണ്ടെങ്കിൽ, വളരെ സൂക്ഷിച്ച് അവരുടെ ആവശ്യംമാത്രം പൂർത്തി യാകുംവിധം അത് ചെലവഴിക്കുക. അവർക്ക് പക്വപ്രാ യമെത്തിയാൽ, അവരുടെ സ്വത്ത് അവർക്ക് തിരിച്ചു കൊടുക്കുക. ചിലപ്പോൾ കാണാറുണ്ട്, ചില അടു ത്തബന്ധുക്കൾപോലും യതീം പക്വപ്രായമെത്തിയാലും അവരുടെ സ്വത്ത് അവർക്ക് കൊടുക്കാറില്ല. മാതാപി താക്കൾ വിട്ടുംവെച്ചുപോയ അവരുടെ സ്വത്ത് തങ്ങൾ അവർക്കുവേണ്ടി ചെലവഴിച്ചുവെന്ന് പറഞ്ഞ് പൂർണ്ണ മായും തങ്ങളുടെ നിയന്ത്രണത്തിൽ സ്ഥിരമായി വയ്ക്കു ന്നു. അല്ലാഹുവിന് ഇതൊട്ടും ഇഷ്ടപ്പെട്ടതല്ല. യതീമിനെ സംരക്ഷിക്കാൻ, നിയ്യത്ത് പരിശുദ്ധമായിരിക്കണം. നിയ്യ ത്തുകളിൽ വിള്ളലുണ്ടായാൽ, ബാഹ്യത്തിൽ ഒരാൾ യതീമിനെ സംരക്ഷിക്കുകയാണെങ്കിൽത്തന്നെ, മറ്റുള്ള വരുടെ ദൃഷ്ടിയിൽ സ്തുത്യർഹനാണെങ്കിലും യഥാർത്ഥ ത്തിൽ ആ യതീമിന്റെ പൈസ കൊണ്ടായിരിക്കും അയാൾ അതൊക്കെ ചെയ്യുന്നത്. അത് എല്ലാവരും അറിഞ്ഞുകൊള്ളണമെന്നില്ല. ആ പൈസ അവരുടെ സംരക്ഷണത്തിനായി ചെലവഴിക്കുക മാത്രമല്ല, സ്വയം അതിൽനിന്ന് നേട്ടമുണ്ടാക്കുകയും ചെയ്യുന്നുണ്ടാകും. യഥാർത്ഥത്തിൽ സ്വന്തം നേട്ടമാണ് അയാൾ ആഗ്രഹി ക്കുന്നത്. യതീംന് പക്വപ്രായമെത്തി അത് മനസ്സിലാകു മ്പോൾ, തന്റെ പണമെല്ലാം നശിപ്പിച്ചിരിക്കുന്നുവെന്നറി യുമ്പോൾ, സൂത്രവും തന്ത്രവുംകൊണ്ട് അത് തരാനാ ഗ്രഹിക്കുന്നില്ല എന്നറിയുമ്പോൾ, വഴക്ക് തുടങ്ങുന്നു. സഹോദരനും സഹോദരനും തമ്മിൽ അകൽച്ചയുണ്ടാ കുന്നു. അമ്മാവന്മാരും, കൊച്ചപ്പന്മാരും സഹോദരന്മാ രും, സഹോദരപുത്രന്മാരും തമ്മിലും അകൽച്ചയുണ്ടാ കുന്നു. വൈരാഗ്യം മൂർച്ചിക്കുന്നു. കേസും വഴക്കും നടക്കുന്നു. ജമാഅത്തിന്റെ വ്യവസ്ഥിതിക്കനുസരിച്ചാ ണെങ്കിൽ കേസ് ഖസായിൽ വരുന്നു. അല്ലെങ്കിൽ കോട തിയിൽ പോകുന്നു. ചിലർ സ്വന്തംതന്നെ കാര്യങ്ങൾ ഒതുക്കിത്തീർക്കാനാഗ്രഹിക്കുന്നു. പിന്നീട് അത് നന്നാ ക്കാൻ വേണ്ടി എനിക്കും എഴുതുന്നു. തങ്ങളുടെ അവകാശം വാങ്ങിത്തരാൻ വേണ്ടി ആവശ്യപ്പെടുന്നു.

അല്ലാഹുവിനെ വഞ്ചിക്കാൻ നിങ്ങൾക്ക് സാധി ക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. അല്ലാഹു പരിഷ്ക രണം നടത്തുന്നവനേയും കുഴപ്പങ്ങൾ ഉണ്ടാക്കുന്നവ നേയുമൊക്കെ അറിയുന്നവനാണ്. അവന് എല്ലാമറിയാം, അവന്റെ അറിവ് പൂർണ്ണമാണ്. അവൻ മനുഷ്യന്റെ പാതാ ളംവരെ അറിയുന്നവനാണ്. യതീമിനെ സംരക്ഷിക്കു ന്നതിന്റെ പിന്നിലുള്ള നിയ്യത്തെന്താണെന്ന് അവനറിയു ന്നു. സമൂഹത്തെ വഞ്ചിക്കാൻ കഴിയും. കോടതിയിൽ കേസ് വിജയിക്കാനും കഴിയും. പക്ഷേ, അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയില്ല. അല്ലാഹു ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുന്നത്, സ്നേഹിക്കുന്ന ഒരു സഹോദരനെ പ്പോലെ നിങ്ങൾ യതീമിനോട് പെരുമാറണമെന്നാണ്. അവിടെ യതീമിന്റെ ധനം തിന്നുന്ന പ്രശ്നമേയില്ല. അവരെ സംരക്ഷിക്കുക എന്നത് മാത്രമല്ല, അവരെ അവ രുടെ സ്വന്തം കാലിൽ നിറുത്താൻ കഴിയുമെങ്കിൽ സ്വന്ത

അല്ലാഹു ഹക്കീം അഥവാ യുക്തിജ്ഞനാണ്. അവൻ ഏതെങ്കിലും കാര്യത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് ഇളവ് തന്നിട്ടുണ്ടെങ്കിൽ അതായത് ആവശ്യത്തിന്നനുസരിച്ച് യതീമിന്റെ പണത്തിൽനിന്ന് അവർക്കുവേണ്ടി ചെലവഴിക്കാമെന്ന ഇളവ് തന്നിട്ടുണ്ടെങ്കിൽ, നിങ്ങളും അതനുസരിച്ച് പെരുമാറണം. താൽക്കാലികമായ നേട്ടത്തിനു പകരം, ദീർഘകാലം നേട്ടമുണ്ടാകുന്ന കാര്യം എപ്പോഴും മുന്നിൽ കാണണം. അതുമുഖേന സമൂഹത്തിലെ കുഴപ്പവും അവസാനിക്കണം. പരസ്പരം സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷവും ഉണ്ടാവണം. യതീമിനെ സംരക്ഷിക്കുന്നവൻ സ്വയം തന്റെ വയറ്റിൽ തീ നിറയ്ക്കുന്നതിൽനിന്ന് പിന്മാറണം. കത്തിയെരിയുന്ന ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടുനില്ക്കണം.

ഞാനോതിയ രണ്ടാമത്തെ വചനത്തിൽ, സമൂത്തിലെ മറ്റൊരു ദുർബലവിഭാഗത്തെക്കുറിച്ച് അതായത്, വിധവയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. സ്ത്രീയെ പൊതുവെ സമൂഹത്തിൽ അബലയായിട്ടാണ് മനസ്സിലാക്കപ്പെടുന്നത്. അതിനുപുറമെ വിധവയുംകൂടിയായാൽ, പിന്നെ അവരുടെ കാര്യം പറയാനുമില്ല. പ്രത്യേകിച്ച്, അവികസിത സമൂഹങ്ങളിൽ അവരുടെ അവകാശങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല. അത്തരം സമൂഹങ്ങളിൽ ചില വിദ്യാസമ്പന്നരായവരും, പണത്തിന്റെ സ്വാധീനത്തിന് വഴിപെട്ട് അതിക്രമം ചെയ്യുന്നു. മുസ്ലിംകൾ പ്രത്യേകമായനിലയിൽ സ്ത്രീകളുടെ അവകാശസംരക്ഷണത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. കാരണം അല്ലാഹു ഇതിനെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു. വികസിത രാഷ്ട്രങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങൾക്കായി ഇന്ന് മുറവിളി ഉയരുന്നു. പക്ഷേ, വിശുദ്ധഖുർആൻ 1400 വർഷം മുമ്പേ ഇതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. അക്കാലത്തെ സാമൂഹികനടപ്പ് മുന്നിൽവച്ചുകൊണ്ട് നോക്കുമ്പോൾ ഇത് നമുക്ക് അഭിമാനിക്കാവുന്നതാണ്. അല്ലാഹു സ്ത്രീയുടെ അവകാശം സ്ഥാപിച്ചുവെന്നു മാത്രമല്ല പ്രത്യുത, അവരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കാത്ത ആ സമൂഹത്തിൽ സ്വഹാബത്തിന്റെ മുഖച്ഛായതന്നെ അത് മാറ്റിമറിച്ചു. അവർ ആ കല്പനകൾ അനുസരിച്ച് പ്രവർത്തിച്ചു കാണിച്ചു. ഈ വചനത്തിന്റെ അർത്ഥം ഇങ്ങനെയാണ്.

“നിങ്ങളിൽനിന്ന് ഭാര്യമാരെ വിട്ട് ചരമം പ്രാപിക്കുന്നവർ, തങ്ങളുടെ ഭാര്യമാരെ വീട്ടിൽനിന്നു പുറത്താക്കാതെ ഒരുവർഷംവരെ അവർക്ക് ജീവനാംശം നല്കണമെന്ന് വസിയ്യത്ത് ചെയ്യേണ്ടതാണ്. എന്നാൽ, അവർ സ്വമനസ്സാലെ പുറത്തുപോകുന്നപക്ഷം അവർ തങ്ങളുടെ കാര്യത്തിൽ ന്യായമായി എന്തു ചെയ്യുന്നുവോ അതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞാനിയുമാകുന്നു (2:241).

ഇവിടെ അല്ലാഹു, വിധവയ്ക്ക് ഒരു കാലംവരെ മായിട്ട് ചെലവഴിക്കുകയും ചെയ്യുക. സമൂഹത്തിന്റെ ഫലപ്രദവും പ്രവർത്തനസജ്ജവുമായ വിഭാഗമായിത്തീരാൻ അവരെ എന്തെങ്കിലും ജോലിയിൽ ഏർപ്പെടുത്തുക. ***വലവ് ശാഅല്ലാഹു ലഅഅ്നത്തക്കും*** എന്ന് അല്ലാഹു പറയുന്നു. അതായത്, അല്ലാഹു ഉദ്ദേശിച്ചാൽ അവൻ നിങ്ങളെ ബുദ്ധിമുട്ടുകളിൽ അകപ്പെടുത്തും (2:221). നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യങ്ങൾ കല്പിക്കും. ഏതെങ്കിലും യതീമിന്റെ പിതാവ് സ്വത്ത് വിട്ടുംവെച്ച് മരിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾ അത് കൈകാര്യം ചെയ്യണ്ട എന്ന് കല്പിക്കും. യതീമിന്റെ ഓരോ പൈസയും നിങ്ങൾ തിരിച്ചുകൊടുക്കേണ്ടതാണ്. അവരെ സ്വന്തം ചെലവിൽ സംരക്ഷിക്കുകയും ചെയ്യുക. യതീമിന്റെ ധനത്തിൽനിന്ന് അവരെ സംരക്ഷിക്കാമെന്ന അധികമായ സൗകര്യം അവൻ ചെയ്തുതന്നിരിക്കുന്നു എന്നതിന്റെ അർത്ഥം അനുവദനീയമല്ലാത്ത നിലയിൽ അതുകൊണ്ട് നേട്ടമുണ്ടാക്കുക എന്നതല്ല.

അതുകൊണ്ട് എപ്പോഴും ഓർക്കുക, അനുവദനീയമല്ലാത്തനിലയിൽ യതീമിന്റെ പണം തിന്നാൽ നിങ്ങൾ പിടിക്കപ്പെടും. അല്ലാഹു പറയുന്നു: ***ഇന്നല്ലദീന യഅ്ക്കുലൂന അംവാലൽ യതാമാ ള്വുൽമൻ ഇന്നമാ യഅ്ക്കുലൂന ഫീ ബുത്വൂനിഹിം നാറാ.*** അനാഥരുടെ ധനം അന്യായമായി തിന്നുന്നവർ തീർച്ചയായും അവരുടെ വയറുകളിൽ തീ തിന്നു നിറയ്ക്കുക മാത്രമാണ് ചെയ്യുന്നത് (4:11).

അതുകൊണ്ട് യതീമിന്റെ സംരക്ഷണം, അവരുടെ ധനത്തിന്റെ സംരക്ഷണം, അവരെ സമൂഹത്തിന്റെ പ്രവർത്തനസജ്ജമായ വിഭാഗമാക്കിത്തീർക്കൽ തുടങ്ങിയവയെല്ലാം വളരെ പ്രധാനപ്പെട്ട ഒരു കല്പനയാണ്. ശ്രദ്ധിച്ചില്ലെങ്കിലും പ്രശ്നമില്ല എന്നു പറയേണ്ട പ്രശ്നമല്ലയിത്. അല്ലാഹു ഞാനോതിയ വചനത്തിന്റെ അവസാനം പറയുന്നത്, ***ഇന്നല്ലാഹ അസീസുൻ ഹക്കീം*** എന്നാണ്. ഇതുപറഞ്ഞുകൊണ്ട് വീണ്ടും ശ്രദ്ധ ക്ഷണിച്ചു. യതീം ദുർബലനാണ്. തന്റെ അവകാശം സംരക്ഷിക്കാനുള്ള ശക്തി അവനിലുണ്ടാകുകയില്ല. അല്ലെങ്കിൽ മറ്റുള്ളവരിൽനിന്ന് സംരക്ഷണം വാങ്ങാനും കഴിവുണ്ടാകുകയില്ല. പക്ഷേ, സമൂഹം എപ്പോഴും ഓർക്കണം, യതീമിന്റെ സംരക്ഷകരാക്കിയിരിക്കുന്നവർ എപ്പോഴും ഓർക്കണം യതീം പ്രതാപശാലിയല്ല. വിജയശാലിയല്ല. ശക്തിയുള്ളവനുമല്ല. പക്ഷേ, അവരുടെമേൽ പ്രതാപശാലിയും എല്ലാത്തിനേയും അതിജയിച്ചുനില്ക്കുന്നവനുമായ ഒരു അല്ലാഹു ഉണ്ട്. അവരുടെമേൽ അവന്റെ കൈയുണ്ട്. അവൻ നിങ്ങൾ ഉൾപ്പെടെയുള്ള പ്രപഞ്ചത്തിന്റെ ഓരോവസ്തുവിന്റെമേലും വിജയിച്ചുനില്ക്കുന്നവനാണ്. യതീമിന്റെ പണം അപഹരിച്ചെടുക്കുകയാണെങ്കിൽ, പ്രതാപശാലിയായ അല്ലാഹു നിങ്ങളെ പിടിക്കുന്നതാണ്.

തന്റെ ഭർത്താവിന്റെ വീട്ടിൽ താമസിക്കാനുള്ള അവകാശം സ്ഥാപിച്ചുകൊടുത്തിരിക്കുകയാണ്. സ്ത്രീകളെക്കുറിച്ച് നേരത്തെ കല്പനയുള്ളതാണ്, അവൾ തന്റെ ഭർത്താവിന്റെ വീട്ടിൽ തന്റെ ഇദ്ദയുടെ കാലമായ നാലു മാസവും പത്തുദിവസവും പൂർത്തിയാക്കുക എന്ന്. എന്നാൽ, അവൾക്കിഷ്ടപ്പെട്ടാൽ അതിനുശേഷവും ഒരു വർഷംവരെ അവൾക്കവിടെ താമസിക്കാവുന്നതാണ്. ഖലീഫത്തുൽ മസീഹ് ഥാനി(റ) ഇക്കാര്യത്തെ പ്രത്യേകം ശ്രദ്ധിച്ചിരുന്നതായി കാണാം. അതിൽനിന്നാണ് ഞാൻ ഈ തീരുമാനത്തിലെത്തിയത്. അദ്ദേഹം പറഞ്ഞു, ഇദ്ദകാലാവാധിയ്ക്കു പുറമെ (4 മാസവും, 10 ദിവസവും) ഒരു വർഷം അനുവാദമുണ്ട്. സ്ത്രീകൾക്ക് എത്രയധികം സൗകര്യം ഏർപ്പെടുത്തികൊടുക്കാമോ അത്രയധികം ചെയ്തുകൊടുക്കണമെന്ന് ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പറഞ്ഞു. ചിലപ്പോൾ സ്വത്തു വീതം വയ്ക്കുമ്പോൾ, മരിച്ചയാൾക്ക് വീടുണ്ടെങ്കിൽ, ആ വീട് മറ്റാർക്ക് അവകാശപ്പെട്ടാലും അല്ലാഹു പറയുന്നു, അവർ ക്ഷമിക്കേണ്ടതാണ്, ഒരു വർഷംവരെ വിധവയെ വിഷമിപ്പിക്കരുത്. ഖലീഫത്തുൽ ഥാനി(റ)യും ഇതെഴുതിയിട്ടുണ്ട്. ഇന്നും അത് നടപ്പിൽ വരുന്നു. സ്ത്രീയുടെ അവസ്ഥ നന്നല്ലെങ്കിലോ, ആർക്കെങ്കിലും രണ്ട് ഭാര്യമാരുണ്ടെങ്കിലോ, അല്ലെങ്കിൽ ഉണ്ടായിരുന്നെങ്കിൽ, ആദ്യത്തെ ഭാര്യയ്ക്ക് മക്കളൊന്നുമില്ലെങ്കിൽ ഭർത്താവിന്റെ മാതാപിതാക്കളോ മറ്റു ബന്ധുക്കളോ, വീട് അവകാശമായി കിട്ടാത്ത വിധവയെ പുറത്താക്കാൻ ശ്രമിക്കുന്നു. അല്ലാഹു പറയുന്നത്, ഒരു വർഷംവരെ ആ വീട്ടിൽ പാർക്കുവാൻ അവൾക്ക് അവകാശമുണ്ടെന്നാണ്. മറ്റൊരവകാശിക്കും ഒരുവർഷം വരെ അതിൽ അവകാശമില്ല. സ്ത്രീയുടെമേൽ ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്താനും പാടില്ല. അവൾ സ്വമനസ്സാലെ പോകാനാഗ്രഹിച്ചാൽ, ഇദ്ദകാലാവധി പൂർത്തിയാക്കി പോകാവുന്നതാണ്. ഈ തീരുമാനം സ്ത്രീക്ക് വിട്ടുകൊടുത്തിരിക്കുന്നു. നല്ല തീരുമാനമെടുക്കാൻ സ്ത്രീക്ക് അവകാശം നല്കിയിരിക്കുന്നു. അതായത് ശരീഅത്ത് നിയമമനുസരിച്ച് അവർ തീരുമാനമെടുക്കുക.

അതുകൊണ്ട് എപ്പോഴും ഓർക്കുക, ഇത് പ്രതാപശാലിയും അഗാധജ്ഞാനിയുമായ അല്ലാഹുവിന്റെ കല്പനയാണ്. സ്ത്രീകളുടെ ദൗർബല്യം മുതലെടുത്തുകൊണ്ട് നിങ്ങൾ അവളെ നിർബന്ധിക്കുകയാണെങ്കിൽ, അവരുടെ ബന്ധുക്കളിലാരും അവരെ നോക്കാനില്ലെങ്കിൽ അവരുടെ നിർബന്ധിതാവസ്ഥയെ മറ്റുള്ളവരും ചൂഷണം ചെയ്യാനിടയുണ്ട്. അല്ലാഹു അത്തരം കാര്യങ്ങൾപോലും കണക്കിലെടുത്തുകൊണ്ട് യുക്തിഭദ്രമായ കല്പനയാണ് നല്കിയിട്ടുള്ളത്. സ്ത്രീയുടെ ഭർത്താവിന്റെ ബന്ധുക്കൾക്കും താക്കീത് നല്കി. അതായത്, അല്ലാഹു എപ്പോഴും പ്രതാപശാലിയും എല്ലാത്തിനേയും അതിജയിച്ചു നില്ക്കുന്നവനുമാണ്. തന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ, അവന്റെ പിടിത്തത്തിന് വിധേയരാകും. ഇതിൽ മറ്റൊരു കാര്യത്തിലേക്കും സൂചനയുണ്ട്. ഒരുവർഷം വരെ വീട്ടിൽ താമസിപ്പിക്കണമെന്ന കാര്യം പറഞ്ഞുകഴിഞ്ഞു. രണ്ടാമത്തേത്, വിധവ വിവാഹം കഴിച്ചോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താലോ ഒരുവർഷത്തിനുമുമ്പേ വീടു വിട്ടുപോകുകയാണെങ്കിൽ അതവളുടെ നല്ല തീരുമാനമായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് അതിനുള്ള അവകാശവും അവൾക്ക് നല്കിയിരിക്കുന്നു. കുടുംബബന്ധുക്കൾ അതിന് തടസ്സം നില്ക്കാൻ പാടില്ല.

ചിലപ്പോൾ, വിധവ വിവാഹം കഴിക്കരുതെന്ന് ബന്ധുക്കൾ ആഗ്രഹിക്കാറുണ്ട്. വാസ്തവത്തിൽ വിധവയെ വിവാഹം കഴിപ്പിക്കുക എന്നതും ഒരു നല്ല കർമ്മമാണ്. അത്തരം തടസ്സം നില്ക്കുന്നവർക്ക് മറുപടിയായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) '***വല്ലാഹു അസീസുൻ ഹക്കീം***' എന്ന വാക്യത്തിന് വ്യാഖ്യാനം നല്കിക്കൊണ്ട് പറയുന്നു: വിധവയെ വിവാഹം കഴിപ്പിക്കുന്നത് തങ്ങളുടെ അഭിമാനത്തിന്നെതിരാണെന്ന് ചിലർ പറയാറുണ്ട്. പ്രത്യേകിച്ച്, പാക്കിസ്ഥാൻ, ഹിന്ദുസ്ഥാൻ സമൂഹം. അവിടെ ചില കുടുംബങ്ങളിൽ ഇക്കാര്യത്തിൽ വലിയ കാർക്കശ്യമാണുള്ളത്. അത് തങ്ങളുടെ മാനത്തിന്നെതിരാണത്രെ! പക്ഷേ, അല്ലാഹു പറയുന്നു: "എന്റെ പേര് അസീസ് എന്നാണ്. ഞാനാണ് ഏറ്റവും വലിയ അഭിമാനി. ഞൻ കല്പിക്കുന്നത് അവളെ വിവാഹം കഴിപ്പിക്കണമെന്നാണ്. കാരണം യുക്തിയുടെ അടിസ്ഥാനത്തിലാണ് ഈ കല്പന. എന്റെ കല്പനയെ അവഗണിക്കാൻ ശ്രമിക്കുന്നവരെല്ലാം ഓർക്കണം, ഞാൻ അസീസാണ്. ഞാൻ വിജയിയാണ്. എല്ലാ അഭിമാനവും എന്നിൽനിന്നാണ്. അതുകൊണ്ട് എന്റെ കല്പന പാലിക്കുക. വ്യാജമായ അഭിമാനത്തെ അന്വേഷിച്ചുനടക്കരുത്; നിങ്ങളും അല്ലാഹുവിന്റെ ഈ സവിശേഷഗുണങ്ങളിൽനിന്ന് ഫലമെടുക്കുന്നവരായിത്തീരാൻ അവന്റെ കല്പന നടപ്പിൽവരുത്തുക."

ഞാനോതിയ മൂന്നാമത്തെ വചനം സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ചാണ്; ത്വലാഖ് നല്കപ്പെട്ട സ്ത്രീകളെക്കുറിച്ച്. ത്വലാഖ് ചെയ്യപ്പെട്ട സ്ത്രീക്ക് നിശ്ചയിക്കപ്പെട്ട കാലാവധി, മൂന്ന് ഖുറൂഅ് ആണ്. അതിനുശേഷം അവൾ സ്വതന്ത്രയാണ്. അവൾക്ക് വിവാഹം കഴിക്കാം. മറ്റൊരു സ്ഥലത്ത് കല്പിച്ചിരിക്കുന്നത് നിങ്ങൾ അവരുടെ വിവാഹത്തിന് തടസ്സം നില്ക്കരുതെന്നാണ്. മറിച്ച് വിവാഹത്തിനുവേണ്ടുന്ന സഹായം ചെയ്തുകൊടുക്കുക. അവൾ സ്വയം ബോധവതിയാണ്. അതുകൊണ്ട് അവൾ വിവാഹം കഴിക്കാൻ തീരുമാനിച്ചാൽ അത് നല്ലതാണ്. പക്ഷേ, സ്ത്രീകളോട് കല്പിച്ചിട്ടുള്ളത് ത്വലാഖിനുശേഷം നിങ്ങൾ ഗർഭിണിയാണെന്നറിഞ്ഞാൽ, ഭർത്താവിനോട് അത് പറയണം എന്നാണ്. മറച്ചുവയ്ക്കാൻ പാടില്ല. വിവാഹത്തിനുശേഷം എന്തെങ്കിലും കാരണത്താൽ ജീവിതം തുടർന്നുപോ

കാൻ സാധിച്ചില്ലെങ്കിൽ, അതിന്റെ അർത്ഥം പകരം വീട്ടുക എന്നതല്ല. കുട്ടി ജനിക്കാൻ പോകുന്നവിവരം അതിന്റെ പിതാവിനെ അറിയിക്കാതിരിക്കലുമല്ല. അല്ലാഹു പറയുന്നത്, നിങ്ങൾ പറയുന്നതുകൊണ്ട് ചില പ്പോൾ ഭർത്താവിന്റെ മനസ്സ് മൃദുവായിതീർന്നേക്കാം. അയാൾ നിങ്ങളിലേക്ക് മടങ്ങിയേക്കാം. അങ്ങനെ കുടും ബജീവിതം ധന്യമായേക്കാം. പറഞ്ഞു: അത്തരം സാഹ ചര്യത്തിൽ അവളെ മടക്കിയെടുക്കാൻ ഭർത്താവ് കൂടു തൽ അർഹനാണ്. വൈരാഗ്യം അകലുന്നതാണ്. ബന്ധുക്കളോടും മറ്റും കല്പിച്ചിരിക്കുന്നത് അവർ തടസ്സം നില്ക്കരുതെന്നാണ്.

ചിലപ്പോൾ അടുത്തബന്ധുക്കൾ പെൺകുട്ടിയെ ചീത്തയാക്കാറുണ്ട്. പൂർവസ്ഥിതിയിലാകാൻ അവൾ ഇഷ്ടപ്പെട്ടാൽതന്നെ ബന്ധുക്കൾ ബഹളമുണ്ടാക്കുന്നു, ത്വലാഖ് നടന്നു, ഇനി തിരിച്ചയക്കുകയില്ലെന്ന് പറയുന്നു. അങ്ങനെ വീണ്ടും പ്രശ്നം തലപൊക്കുന്നു. പല പ്രശ്ന ങ്ങളും എന്റെയടുത്തും വരാറുണ്ട്. ചിലപ്പോൾ ദുരഭി മാനം പ്രകടിപ്പിച്ചുകൊണ്ട്, സ്വന്തം പെൺകുട്ടികളുടെ ജീവിതം ചില മാതാപിതാക്കൾ നശിപ്പിക്കുന്നു. ചില പെൺകുട്ടികൾ അപ്പോൾ എഴുതാറുണ്ട്, ഞങ്ങൾ ഒരു മിച്ചുജീവിക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ, ഞങ്ങളുടെ ഇരുവരുടെയും മാതാപിതാക്കൾ സമ്മതിക്കുന്നില്ല. അല്ലാഹു പറയുന്നു, ബന്ധുക്കൾ ബന്ധം വീണ്ടും ഒന്നി ക്കുന്നതിനിടയിൽ തടസ്സമാകരുത്. ഭർത്താവിന് തന്റെ തെറ്റ് മനസ്സിലായാൽ, ദുരഭിമാനത്തിന്റെ പേരിൽ നിങ്ങൾ പെൺകുട്ടിയുടെ ജീവിതം നശിപ്പിക്കരുത്. അല്ലാഹു സ്ത്രീയുടെ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് പറ യുന്നു: എത്രമാത്രം അവകാശം പുരുഷന് സ്ത്രീയോട് ഉണ്ടോ അത്രമാത്രം അവകാശം സ്ത്രീയ്ക്ക് പുരുഷ നുമേലുമുണ്ട്. ഞാനോതിയ വചനത്തിന്റെ തർജമയും വായിക്കാം.

“വിവാഹമോചിതരായ സ്ത്രീകൾ മൂന്ന് ആർത്ത വകാലംവരെ സ്വയം നിയന്ത്രിച്ചു കാത്തിരിക്കേണ്ടതാ ണ്. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വ സിക്കുന്നവരാണെങ്കിൽ, അവരുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ മറച്ചുവെക്കുന്നത് അവർക്ക് അനുവദനീയമല്ല. അവരുടെ ഭർത്താക്കന്മാർ രഞ്ജിപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിൽ (ആ കാല യളവിൽ) അവരെ തിരിച്ചെടുക്കുന്നതിന് കൂടുതൽ അവ കാശമുള്ളവരാണ്. അവർക്ക് (സ്ത്രീകൾക്ക് പുരുഷ ന്മാരോട്) ചില ബാധ്യതകൾ ഉള്ളതുപോലെ മര്യാദയ നുസരിച്ച് (പുരുഷന്മാരിൽനിന്ന്) ചില അവകാശങ്ങൾ അവർക്ക് (സ്ത്രീകൾക്ക്) ലഭിക്കേണ്ടതുണ്ട്. എന്നാൽ, പുരുഷന്മാർക്ക് അവരുടെമേൽ ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിജ്ഞനുമാകുന്നു” (2:229).

മനുഷ്യനെന്ന നിലയിൽ പുരുഷനോട് പറഞ്ഞു, സ്ത്രീയുടെ അവകാശങ്ങൾ നിറവേറ്റിക്കൊടുക്കുക എന്ന്. സ്ത്രീയോടു പറഞ്ഞു പുരുഷന്റെ അവകാശ ങ്ങൾ നിറവേറ്റിക്കൊടുക്കുക എന്ന്. ഇരുവരും പരസ്പ രമുള്ള കടമകൾ ശ്രദ്ധിക്കുമ്പോൾ ആ ബന്ധം എന്നെന്നും നിലനില്ക്കുന്നതായിരിക്കും. ഈ കല്പന സ്ത്രീയ്ക്ക് അവളുടെ അവകാശം നിലനിറുത്തുന്നതാ ണ്. ഇസ്‌ലാമിന്റെ ഈ മനോഹരമായ കല്പനകൾ, സമൂ ഹത്തിന്റെ മുഖച്ഛായതന്നെ മാറ്റിമറിച്ചു. ഇസ്‌ലാമിനു മുമ്പേ, അറിബികൾ സ്ത്രീകളെ അവരുടെ അവകാശ ങ്ങളിൽനിന്ന് പുറത്താക്കിയിരുന്നു. എന്നല്ല, ഇസ്‌ലാം സ്ത്രീയുടെ അവകാശങ്ങൾ സ്ഥാപിച്ചതുപോലെ മറ്റൊരു മതവും സ്ഥാപിച്ചിട്ടില്ല. നബി(സ) നിരവധി സ്ഥല ങ്ങളിൽ സ്ത്രീയുടെ അവകാശം നിലനിറുത്തി. നബി( സ) പറയുന്നു: ***ഖയ്റുക്കും ഖയ്റുക്കും ലിഅഹ്‌ലിഹി വ അന ഖയ്റുക്കും ലിഅഹ്‌ലീ.*** അല്ലാഹുവിന്റെ ദൃഷ്ടി യിൽ നിങ്ങളിൽ ഏറ്റവും ഉത്തമനായ വ്യക്തി തന്റെ ഭാര്യമാരോട് നല്ല നിലയിൽ പെരുമാറുന്നവനാണ്. ഞാൻ നിങ്ങളിൽ എല്ലാവരെക്കാളും എന്റെ ഭാര്യമാരോട് നല്ല നിലയിൽ പെരുമാറുന്നവനാകുന്നു.

പിന്നീട് അല്ലാഹു പറയുന്നു: ***വ ആശിറൂഹുന്ന ബിൽ മഅ്റൂഫി ഫഇൻകരിഹ്ത്തുമൂഹുന്ന ഫഅസാ അൻതക്റഹു ശയ്അൻവ്വയജ്അലല്ലാഹു ഫീഹി ഖയ്റൻ കഥീറാ.***

നിങ്ങൾ നിങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ പെരുമാറുക. ഇനി നിങ്ങളിലാരെങ്കിലും നിങ്ങളുടെ ഭാര്യയെ വെറുക്കുന്നുവെങ്കിൽ തന്നെയും ഓർക്കുക, നിങ്ങൾ വെറുക്കുന്നതിൽ അല്ലാഹു നിങ്ങൾക്കായി പര്യവസാനത്തിന്റെ അടിസ്ഥാനത്തിൽ വലിയ നന്മ വിധി ച്ചിട്ടുണ്ടാകാം. അതുകൊണ്ട് പുരുഷനും തീരുമാനമെ ടുക്കുന്നതിൽ ധിറുതി കാണിക്കരുത്. എന്നല്ല, അല്ലാഹു പര്യവസാനം നന്നാക്കിത്തീർക്കാൻ കഴിവുള്ളവനാ ണെന്ന് വിചാരിക്കേണ്ടതാണ്. അതുകൊണ്ട് ത്വലാഖു കളിൽ, പുരുഷന്മാരും വളരെ ചിന്തിച്ചും ആലോചിച്ചും തീരുമാനമെടുക്കേണ്ടതാണ്. ചെറിയ ചെറിയ കാര്യ ങ്ങളാലുണ്ടാകുന്ന പ്രശ്നങ്ങൾ, നിങ്ങൾ അതിനെ വെറു ക്കുന്നുണ്ടെങ്കിലും അല്ലാഹു നിങ്ങൾക്ക് അതിൽ നന്മ വെച്ചിട്ടുണ്ടാകും എന്ന കല്പനയെ എപ്പോഴും ഓർക്കേ ണ്ടതാണ്.

അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടി, പ്രാർത്ഥിച്ചു കൊണ്ട് ഈ പെരുമാറ്റം നിങ്ങളുടെ ഭാര്യ മാരോടുണ്ടായാൽ അല്ലാഹു അതിൽ ബർക്കത്തിടുന്ന താണ്. നാശത്തിന്റെ അതിർത്തിയിലെത്തിയിട്ടുള്ള വീടു കൾ, ഛിന്നഭിന്നമാകാൻ പോകുന്ന വീടുകൾ, അവർക്ക് കുട്ടികളുണ്ടെങ്കിൽ, അവരും വിഷമിക്കുന്നുണ്ടാകും. ആ വീടുകൾ പിന്നീട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാ ക്കുന്നവർക്ക് സമാധാനനിർഭരവും സന്തോഷവും സ്നേഹം നിലനില്ക്കുന്നതായിത്തീരുന്നു. അല്ലാഹു

സ്ത്രീയേയും പുരുഷനേയും ഈ ആയത്തിൽ ഇങ്ങനേയും ഉപദേശിച്ചിട്ടുണ്ട്. കടമകളുടെ അടിസ്ഥാനത്തിൽ നിങ്ങൾ ഇരുവരും തുല്യരാണ്. പക്ഷേ, പുരുഷന് നോക്കിനടത്തിപ്പിന്റെ അടിസ്ഥാനത്തിലും ചില കഴിവുകളുടെ അടിസ്ഥാനത്തിലും ചില ചുമതലകളുടെ അടിസ്ഥാനത്തിലും മേന്മ ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് സ്ത്രീകൾ ഇക്കാര്യത്തിൽ പുരുഷന്മാർക്ക് പദവി നല്കേണ്ടതാണ്. പുരുഷന്മാരോടും പറഞ്ഞു, നിങ്ങൾക്ക് കഴിവിന്റെ അടിസ്ഥാനത്തിൽ മേന്മ നല്കിയിട്ടുണ്ടെങ്കിൽ, ഈ ചുമതലകൾ മനസ്സിലാക്കേണ്ടതും അത് നടപ്പിൽ വരുത്തേണ്ടതും നിങ്ങളുടെ ജോലിയാണ്.

വീട്ടിലെ കാര്യങ്ങൾക്കും ചെലവുകൾക്കുംവേണ്ടി, ധനം സംഘടിപ്പിക്കേണ്ടത് നിങ്ങളുടെ ജോലിയാണ്. അല്ലാതെ, വീട്ടിൽ കിടന്നുകൊണ്ട്, ഭാര്യയോട്, പോയി ജോലി ചെയ്ത് സമ്പാദിക്കാൻ പറയലല്ല. ഇവിടെ പാശ്ചാത്യനാടുകളിൽ, ചില വീടുകളിൽ ഇതും നടക്കുന്നുണ്ട്. കുട്ടികളുടേയും ഭാര്യയുടേയും എല്ലാ ഉത്തരവാദിത്തവും ഏല്ക്കേണ്ടത് നിങ്ങളുടെ ജോലിയാണ്.

അസീസും ഹക്കീമുമായ അല്ലാഹു സ്ത്രീകളുടേയും പുരുഷന്മാരുടേയും അവകാശങ്ങൾ സ്ഥാപിച്ചു. പുരുഷന്മാരോട്, അവസാനം അസീസ്, ഹക്കീം എന്നീ പദങ്ങൾ ഉപയോഗിച്ചുകൊണ്ട് പറഞ്ഞു: ഓർമ്മിക്കുക, സ്ത്രീകളുടെമേൽ നിങ്ങൾക്ക് സ്ഥാനമുണ്ട്. പക്ഷേ, അത് ദുരുപയോഗം ചെയ്യരുത്. കാരണം അസീസായ അല്ലാഹു നിങ്ങളുടെ മീതെയുണ്ട്. അവൻ നിങ്ങളുടെ എല്ലാ പ്രവൃത്തിയും കാണുന്നു. അവന്റെ ഭരണമാണ്. അവന്റെ ദൃഷ്ടി നിങ്ങളുടെമീതെയാണ്. നിങ്ങൾ നിങ്ങളുടെ ഭാര്യമാരോട് തെറ്റായ നിലയിൽ പെരുമാറിയാൽ അവന്റെ പിടിത്തത്തിൽ വന്നുപെടും.

അതുകൊണ്ട് സ്ത്രീകളുടെമേൽ നിയന്ത്രണവും അധികാരവും അനുവാദമുള്ളത്ര പ്രയോഗിച്ചുകൊള്ളുക. കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കുക. ഇക്കാര്യങ്ങൾ നിങ്ങൾ ഗൗനിക്കുകയാണെങ്കിൽ നിങ്ങൾക്ക് മേന്മ നല്കിയ ആ ഹക്കീമായ അല്ലാഹുവിന്റെ ഹിക്മത്തിൽനിന്നും ഫലമെടുക്കുന്നവരായിത്തീരും.

പ്രതാപശാലിയും യുക്തിജ്ഞനുമായ അല്ലാഹുവിന്റെ കല്പനകളാണിത്. ഇതുമുഖേന സമൂഹത്തിൽ സമാധാനം സ്ഥാപിതമാകും. വീടുകളിൽ സമാധാനം നിലനില്ക്കും. നന്മകൾ പരക്കും. ഈ യുക്തിഭദ്രമായ അധ്യാപനത്തിന്റെ സൗന്ദര്യം ഉയർന്ന് പ്രചരിച്ചുകൊണ്ടേപോകും. ഇനി ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധിച്ചില്ലെങ്കിൽ സമൂഹത്തിലെ സമാധാനം നശിക്കുന്നതിനോടൊപ്പം ആ പ്രതാപശാലിയായ അല്ലാഹുവിന്റെ പിടിത്തത്തിലും ആ വ്യക്തി അകപ്പെടും. അല്ലാഹു നമുക്കെല്ലാവർക്കും ഈ യുക്തിഭദ്രമായ അധ്യാപനം മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഒരു ദുആയ്ക്കുവേണ്ടി പറയാനാഗ്രഹിക്കുകയാണ്. പാക്കിസ്ഥാനിലെ ഇപ്പോഴത്തെ അവസ്ഥ എല്ലാവരുടേയും മുമ്പിലുണ്ട്. ഭരണകൂടവും രാഷ്ട്രീയ നേതാക്കന്മാരും ഇസ്ലാമിന്റെ നാമമാത്ര ധ്വജവാഹകരുമെല്ലാം നാടിനെ നശിപ്പിക്കാൻ ഇറങ്ങിപുറപ്പെട്ടിരിക്കുകയാണ്. അല്ലാഹു ഈ രാജ്യത്തെ രക്ഷിക്കുമാറാകട്ടെ. ഇത് വളരെ ത്യാഗത്തിലൂടെ നേടിയെടുത്തതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ത്യാഗങ്ങളും ഇതിലുണ്ട്. ഇതിനുവേണ്ടി നിരവധി ജീവൻ ബലിയർപ്പിക്കപ്പെട്ടു. അതുകൊണ്ട് ദേശത്തോടുള്ള സ്നേഹം നമ്മോട് ആവശ്യപ്പെടുന്നതും കല്പിക്കുന്നതും അതിനുവേണ്ടി ദുആ ചെയ്യുക എന്നതാണ്. ദുആ നമ്മുടെ കടമയാണ്. ഒരുപാട് പാക്കിസ്ഥാനികൾ വിദേശത്തുണ്ട്. അവർ വാർത്തകൾ കേൾക്കുന്നു. കാണുന്നു. പക്ഷേ, ഈ രാജ്യം എങ്ങോട്ട് പോകുന്നുവെന്ന് മനസ്സിലാകുന്നില്ല. പൂർണ്ണമായും ഈയാളുകൾ അതിനെ നശിപ്പിക്കുന്നതിനായി പരിശ്രമിക്കുന്നതായിട്ടാണ് തോന്നുന്നത്. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ബുദ്ധി ഇവർക്ക് വിധിച്ചിട്ടില്ലെങ്കിൽ, ദേശത്തെ സ്നേഹിക്കുന്നവർക്ക് സമാധാന സാഹചര്യം ഉണ്ടാകാൻ വേണ്ടി ദുആ ചെയ്യുക. നമുക്ക് ദുആ ചെയ്യാൻ കഴിയും. അല്ലാഹു അതിനെ രക്ഷിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 16.11.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala